## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 462** — **27.09.2011 ൽ മറുപടിയ്ക്ക്**

### വന്യമൃഗങ്ങളുടെ ആക്രമണം

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. കെ. കെ. നാരായണൻ | ശ്രീ. കെ.ബി. ഗണേഷ് കുമാർ<br>(വനവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| **(എ)** | വന്യമൃഗങ്ങളുടെ ആക്രമണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | **(എ)** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| **(ബി)** | എങ്കിൽ ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്, വ്യക്തമാക്കാമോ? | **(ബി)** | 1) കാട്ടുമൃഗങ്ങൾ കൃഷിയിടങ്ങളിൽ പ്രവേശിക്കുന്നത് തടയാനുപകരിക്കുന്ന കിടങ്ങുകൾ, സൗരോർജ്ജ കമ്പിവേലികൾ, മതിലുകൾ തുടങ്ങിയവ നിർമ്മിക്കുന്നു.<br><br>2) കൃഷിയിടങ്ങളിലേക്ക് ഇറങ്ങി വരുന്ന മൃഗങ്ങളെ വനത്തിനുള്ളിലേക്ക് തിരിച്ചു വിടാനുള്ള നടപടികൾ കൈക്കൊള്ളുന്നു.<br><br>3) ജലലഭ്യത ഉറപ്പ് വരുത്തുന്നതിലേയ്ക്കായി ഉൾവനങ്ങളിൽ തടയണകളും, കുളങ്ങളും നിർമ്മിക്കുന്നു.<br><br>4) കാട്ടുമൃഗങ്ങളെ ആകർഷിക്കുന്ന കൃഷിരീതി അനുവർത്തിക്കാതിരിക്കാൻ കൃഷിക്കാർക്കിടയിൽ അവബോധം വളർത്തുന്നു.<br><br>5) എല്ലാ പ്രതിരോധ പ്രവർത്തനങ്ങളിലും, ജനപങ്കാളിത്തവും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടികൾ എടുത്തു വരുന്നു.<br><br>6) കാട്ടിൽ വന്യമൃഗങ്ങൾക്ക് ഭക്ഷണ ലഭ്യത ഉറപ്പുവരുന്നതിനാവശ്യമായ സസ്യങ്ങൾ നട്ടുവളർത്തുന്നു. |

8) കൃഷിനാശം വരുത്തുന്ന കാട്ടാനകളെ തിരികെ കാട്ടിലേക്ക് ഓടിക്കുവാൻ 5 റാപ്പിഡ് റെസ്പോൺസ് ടീമുകൾ വയനാട്, കണ്ണൂർ, പാലക്കാട്, നിലമ്പൂർ, റാന്നി എന്നീ സ്ഥലങ്ങളിൽ രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ പ്രവർത്തനം ആവശ്യമായ മറ്റു മേഖലകളിലേക്കും ലഭ്യമാവുന്നതാണ്.

9) വിളകൾ നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ച് കൊല്ലുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനു മതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവിറക്കുകയും തുടർന്ന് ചീഫ് വൈൽഡ് ലൈഫ് വാർഡൻ അതിനുള്ള അധികാരം റെയിഞ്ചാഫീസർമാർക്ക് ഡെലിഗേറ്റ് ചെയ്തു നൽകുകയും ചെയ്തിട്ടുണ്ട്.

10) കാടിറങ്ങി സ്ഥിരമായി കൃഷിനാശം ഉണ്ടാക്കുന്ന ആനകൾക്ക് റേഡിയോ കോളർ ഘടിപ്പിച്ച് അവയുടെ സഞ്ചാരം നിരീക്ഷിക്കുന്ന പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസർ